# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 374 27.09.2011 -ൽ മറുപടിയ്ക്ക്

'സംസ്ഥാനത്തെ' പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. പി. മുഹമ്മദ്<br>'' സണ്ണി ജോസഫ്<br>'' വർക്കല കഹാർ<br>'' എം.പി. വിൻസെന്റ് | | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | ഗ്രാമപഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുകയും 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർവത്കൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ നടന്നു വരുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുകവഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾക്ക് ഒരു ഏകോപന സ്വഭാവം ഉണ്ടാക്കാൻ കഴിഞ്ഞു. കില മുഖാന്തിരം ജീവനക്കാർക്കും ജനപ്രതിനിധികൾക്കും സമയ ബന്ധിതമായി പരിശീലനം നൽകി വരുന്നു. ഇവയൊക്കെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സഹായിക്കുന്നതാണ്. |
| (ബി) | ഗ്രാമസഭാംഗങ്ങൾക്കും വോട്ടർമാർക്കും പരിശീലന പരിപാടി തുടങ്ങുമോ; | (ബി) | ഗ്രാമസഭാ പ്രവർത്തനം ശക്തമാക്കുന്നതിനായി ഗ്രാമസഭാ അംഗങ്ങൾക്കുള്ള പരിശീലന പരിപാടി ആരംഭിക്കുന്നതാണ്. വോട്ടർമാർക്ക് പരിശീലന പരിപാടി പരിഗണനയിലില്ല. |
| (സി) | ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പ്രസ്തുത പരിശീലനത്തിന് കേന്ദ്ര സഹായം ലഭ്യമല്ല. പഞ്ചായത്തുകളുടെ സഹായത്തോടെയാണ് പരിപാടി നടത്താനു |

ദ്ദേശിക്കുന്നത്. പ്രാദേശിക വിഭവ സമാഹരണവും നടത്തുന്നതാണ്. ഓരോ പഞ്ചായത്തിലും ചുരുങ്ങിയത് 10 പേർക്ക് രണ്ടു ദിവസത്തെ പരിശീലനം കിലയുടെ ആഭിമുഖ്യത്തിൽ ബ്ലോക്ക് തലതലത്തിൽ നൽകും. തുടർന്ന് ഗ്രാമസഭ അംഗങ്ങൾക്ക് പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് ഏകദിന പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്.

(ഡി) ഓരോ പഞ്ചായത്തിൽ നിന്നും നിശ്ചിത എണ്ണം ആൾക്കാരെ തെരഞ്ഞെടുത്ത് ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ പരിശീലനം നൽകുമോ?

(ഡി) ഇതിനായി ജില്ലാതലത്തിൽ പരിശീലനം ഉണ്ടാകുന്നതല്ല. ബ്ലോക്ക് തലത്തിലാണ് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന 10 പേർക്ക് വീതം പരിശീലനം നൽകുന്നത്.

സെക്ഷൻ ഓഫീസർ